മിസ്റ്റർ എ. മാധവപ്രഭു: നോട്ടീസ് വേണം.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: വസ്തുക്കളുടെ പാട്ടവും മറ്റും കിട്ടാൻ വ്യവഹാരം കൊടുത്താൽ അവർ പട്ടാളത്തിൽ പോയിരിക്കയാണെങ്കിൽ മടങ്ങി വന്നിട്ട് കൊടുത്താൽ മതിയെന്ന പറഞ്ഞാൽ പിന്നെ നികുതി കൊടുക്കാനും മറ്റും ഉത്തരവാദിയാരാണെന്ന പറയാമോ?

മിസ്റ്റർ എ. മാധവപ്രഭു: കോടതിയുടെ യുക്തംപോലെ ചെയ്യുവാനുള്ള അധികാരം ചില സന്ദർഭങ്ങളിൽ കോടതിക്കുണ്ട്.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: നികുതി നിറുത്തിവെക്കുവാൻ കോടതിക്ക് അധികാരം കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ എ. മാധവപ്രഭു: ഈ ചോദ്യത്തിനു സമാധാനം ആവശ്യമില്ല.

മിസ്റ്റർ പി. മാണി: ആളില്ലാത്തതുകൊണ്ട് അവരുടെ മേൽ നീതി നടത്തുന്നതു ശരിയാണെന്നു പറഞ്ഞുവല്ലോ. എന്നാൽ നികുതി കൊടുക്കുവാനുള്ള തുകകളും ഇവിടെ നിന്ന് പട്ടാളത്തിൽ പോയിട്ടുണ്ടെങ്കിൽ അവരുടെ മേലുള്ള കേസ്സുകളും നിറുത്തിവെക്കുമോ?

മിസ്റ്റർ എം. ശിവരാമമേനോൻ: സാധാരണ ചില തുകകൾ നികുതി കൊടുക്കാതെ അനുസ്ഥലത്തായിരുന്നാൽ സിക്കാറുണ്ട്. അവരുടെ മേൽ കേസ്സ് എടുത്തിനേയും എടുക്കാം. എന്നാൽ ഇത് അങ്ങിനെയല്ല. ഇവർ രാജ്യസംരക്ഷണത്തിനായി വേണ്ടി യുദ്ധത്തിനു പോയിട്ടുള്ളവരാണ്. അതുകൊണ്ട് അവർക്ക് ഇതുകൂടി ചെയ്യാതെ നിവൃത്തിയില്ല.

റാവുസാഹിബ് കെ. അയ്യപ്പൻ: പട്ടാളക്കാർ അവരുടെ ജോലി ശരിക്കു ചെയ്യാതിരുന്ന് ശത്രുക്കൾവന്നു രാജ്യം തുരുമിച്ചാൽ പിന്നെ പാട്ടം കിട്ടുമോ?

CHILLIES

*നു. മിസ്റ്റർ പി. കെ. ഡീവർ: താഴെ പായുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) കുപ്പൽമുളക് കൊച്ചിക്കു വരിച്ചിട്ടുള്ളതു് എത്രയാണു്;

(ബി) കുപ്പൽമുളക കൊണ്ടുവന്ന കച്ചവടം ചെയ്യുവാൻ ഇങ്ങിക്കൊടുക്കയാണു് പെർമിറ്റ് നൽകിയിട്ടുള്ളതു്; ഇവർ ഓരോരുത്തരും ഈ വ്യാപാരത്തിൽ എത്ര പഴക്കമുള്ളവരാണു്;

(സി) എറണാകുളത്തു കുപ്പൽമുളക കൊണ്ടുവന്നു വില്ക്കുവാൻ ആർക്കെല്ലാമാണു് പെർമിറ്റ് കൊടുത്തിട്ടുള്ളതു്;

(ഡി) ഇവരെല്ലാം തന്നെ ഈ കച്ചവടം ചെയ്തിരുന്നവരാണോ;

(ഇ) എറണാകുളത്തു പെർമിറ്റുള്ളവർ ഈ കുപ്പൽമുളക എറണാകുളത്തുതന്നെയാണു് വില്ക്കുന്നതെന്നു അന്വേഷിക്കാറുണ്ടോ;

(എഫ്) എറണാകുളത്തു പെർമിറ്റ് നൽകിട്ടുള്ളവർക്ക് എപ്പോഴെങ്കിലും തൃശ്ശിവപേരൂർക്ക് കുപ്പൽമുളക അയച്ചു വില്പന നടത്തുവാൻ അനുവാദം നൽകിട്ടുണ്ടോ?

റാവുസാഹിബ് എം. എം. പോൾ:

(എ) ന ാ ാ ടൻ (ഇതൊല്ലത്തേയ്ക്ക്).

(ബി) ഇതോടു ചേർത്തിട്ടുള്ള ലിസ്റ്റ് നോക്കുക.

എറണാകുളം

എ. പി. കെ. വല്ലിസ്സ് & സൺസ്
ബി. എ. ബി. മുഹമ്മദ്
സി. എസ്. പി. എ. & എ. ആർ. സി. ചെട്ടിയാർ
ഡി. എൻ. ദാമോദരപ്രഭു
ഇ. കെ. ആർ. ജോസഫ് & ബ്രദർ
എഫ്. ബിം ട്രോഡിങ്ങ്, ഇടപ്പള്ളിത്തുറ

തൃശ്ശിവപേരൂർ

എ. മാണി & കൊ
ബി. സി. എ. ജോസഫ് & വി. ജെ. പോൾ

LIBRARY ARCHIVES Kerala Legislative Assembly

ന. അഞ്ചേരി ബോനച്ചൻ വറിത്
ഠ. വീൻപുള്ളി ചാക്കുച്ചൻ വറിത്
ഇ. കെ. ഐ. ഡേവിഡ്
ന. വി. പി. നായണയ്യർ & സൺസ്
ഒ. പലിക്കോടൻ കണ്ണിപ്പാമു മോസഫ് സൺസ്
യ. പെപ്പ്കാരൻ വാവച്ചി മോഹഫ്
ന. സെൻറ ജോസഫ് ടേഡിങ്ങ് കമ്പനി

കൊച്ചി

ക. യോഗിയപ്പെ നാരായണപ്പെ
ഖ. പൊന്നമ്പത്തു അബ്ദുറഹിമാൻകുട്ടിഹാജി
ന. സി. എൽ. വറിയത്

ചിറ്റൂർ

ക. ടി. വി. എസ്സ്. കമ്പനി, തത്തമംഗലം
ഖ. എസ്സ്. വൈദ്യനാഥയ്യർ, തത്തമംഗലം

ലിസ്റ്റിൽ കാണിച്ചിട്ടുള്ളവരെല്ലാം കച്ചവടത്തിൽ മണ്ണ മുതൽ അമ്പതു (൫ ൦) കൊല്ലത്തിൽ കുറയാതെ പഴക്കമുള്ളവരാണ്.

(സി) ക. പി. കെ. വർഗ്ഗീസ് & സൺസ്
ഖ. എ. ബി. മുഹമ്മദ്
ന. എസ്സ്. പി. എ. & എ. ആർ. സി. ചെട്ടിയാർ
ഠ. എൻ. ദാമോദരപ്രഭു
ഇ. കെ. ആർ. ജോസഫ് & ബ്രദർ
ന. ബീം പ്രോഡക്ട്സ്, ഇരിഞ്ഞാലക്കുട

(ഡി). അതെ.
(ഇ). ഉവ്വ്.
(എഫ്) ഇല്ല.

മിസ്റ്റർ പി. കെ. ഡിവർ: കപ്പൽമുഖേ ഇപ്പോൾ ധനങ്ങൾക്ക് കിട്ടുവാൻ വിഷമമുണ്ടോ?

റാവുസാഹിബ് എം. എം. പോൾ: വിഷമമില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇവക്ക എത്രകൊട്ടയാണുള്ളത്?

Rao Sahib M. M. Paul *(Director of Food Supplies):* I want notice.

മിസ്റ്റർ പി. കെ. ഡിവർ: മണ്ണുമുതൽ ൫ ൦ കൊല്ലംവരെ കച്ചവടത്തിൽ പരിചയമുള്ളവരെയാണ് ഇത എല്പിച്ചിട്ടുള്ളതെന്ന പറഞ്ഞു. ഇവക്ക് ഓരോരുത്തക്കും എത്രകൊല്ലം വീതം കച്ചവടത്തിൽ പരിചയമുണ്ടെന്നു പറയാമോ?

റാവുസാഹിബ് എം. എം. പോൾ: നോട്ടിസ്സുവേണം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: എത്രകൊണ്ടാണ് ഇവക്കമാത്രം കൊടുത്തിട്ടുള്ളത്.

Rao Sahib M. M. Paul *(Director of Food Supplies):* In granting permits the financial capacity of the person to import and his standing are taken into consideration.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇതിൽകണ്ട ആളുകൾ മാത്രമാണോ ഫിനാൻഷ്യൽ കപ്പാസിറ്റിയുള്ളവർ?

Rao Sahib M. M. Paul *(Director of Food Supplies):* Not financial capacity alone, but all these are taken into consideration.

മിസ്റ്റർ ജോസ് കെ. വള്ളിസ്: ഇതിലും കൂടുതൽ കപ്പാസിറ്റിയുള്ള ആളുകൾ ആവശ്യപ്പെട്ടിട്ട് കൊടുക്കാതിരുന്നിട്ടുണ്ടോ?

റാവുസാഹിബ് എം. എം. പോൾ: നോട്ടിസ്സുവേണം.

മിസ്റ്റർ ജോസ് കെ. വള്ളിസ്: ഇവക്ക ഓരോരുത്തക്കും എത്രത്തോളം കൊടുക്കുന്നുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് എം. എം. പോൾ: കാട്ടാഅന്വേഷിച്ചു കൊടുക്കും.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: പെർമിറ്റ കൊടുത്തിട്ട് ആരെങ്കിലും കൊണ്ടുവരാതിരിക്കുന്നുണ്ടോ?

റാവുസാഹിബ്ബ് എം. എം. പോൾ: ചിലർ കൊണ്ടുവന്നിട്ടില്ല.

മിസ്റ്റർ പി. നാരായണമേനോൻ: ബിം പ്രോഡക്ട്സ് എന്നുപറയുന്നതു് ഒരാളുടെപേരാണോ?

റാവുസാഹിബ്ബ് എം. എം. പോൾ: ഇതൊരു കമ്പനിയുടെ പേരാണ്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഈ കമ്പനിയുടെ ഉടമസ്ഥന്റെ പേരെന്താണ്?

റാവുസാഹിബ്ബ് എം. എം. പോൾ: നോട്ടീസ്സുവേണം.

മിസ്റ്റർ പി. നാരായണമേനോൻ: ഈ കമ്പനി റജിസ്ട്രേ ചെയ്തതാണോ?

റാവുസാഹിബ്ബ് എം. എം. പോൾ: അറിഞ്ഞുകൂടാ.

മിസ്റ്റർ പി. നാരായണമേനോൻ: അതു വല്ല സാധനങ്ങളും നിർമ്മിക്കുന്ന കമ്പനിയാണോ?

റാവുസാഹിബ്ബ് എം. എം. പോൾ: സാധനങ്ങളാം നിർമ്മിക്കുന്നുണ്ടോ എന്നറിഞ്ഞുകൂടാ. കച്ചവടം ചെയ്യുന്നുണ്ട്.

മിസ്റ്റർ പി. നാരായണമേനോൻ: ആ കമ്പനിയെ മൂളക് എല്പിക്കുവാൻ കാരണമെന്താണ്?

റാവുസാഹിബ്ബ് എം. എം. പോൾ: കച്ചവടം ചെയ്യുന്നതുകൊണ്ടാണ്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: മുകുന്ദപുരം താലൂക്കിൽ കല്പൽ മൂളക് ഉപയോഗിക്കുന്നുണ്ടോ?

റാവുസാഹിബ്ബ് എം. എം. പോൾ: ഉണ്ട്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: അവിടെയുള്ള ആളുകൾക്ക് ഈ കച്ചവടം അനുവദിക്കാതിരിക്കുവാൻ കാരണമെന്താണ്?

റാവുസാഹിബ്ബ് എം. എം. പോൾ: അവിടെയുള്ളവക്കുള്ള കാട്ട തുശ്ശിവപേരർ കൊടുത്തിട്ടുണ്ട്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: എറണാകുളത്തുനിന്ന് തുശ്ശിവപേരുക്ക മേടിച്ചുകൊണ്ടുപോയി അവിടെനിന്ന ഇരിങ്ങാലക്കുടയിൽ കൊണ്ടുവന്ന് കച്ചവടം ചെയ്യുന്നതിനേക്കാം രണ്ടുകാശു ലാഭത്തിന്ന് നേരിട്ട ഇരിങ്ങാലക്കുടക്ക കൊടുത്താൽ ആ മൂളക് വിൽക്കുവാൻ സാധിക്കുമെന്ന് ഗവൺമെൻറിനറിയാമൊ?

Rao Sahib M. M. Paul *(Director of Food Supplies):* Because there will be difficulty to import if there are a larger number of persons. There will be greater difficulty if small quotas are granted. My experience is that if one wagon alone is divided among several persons it ensures a speedy sale of this commodity. So the Trichur merchants are allowed to import quotas for the surrounding also. That was the practice even before.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: എവിടെയെങ്കിലും അഞ്ചാറാൾക്ക കൊടുക്കുന്നതിൽ ഏതെങ്കിലുമൊന്ന കച്ചവടം കൊടുക്കാത്ത സ്ഥലത്തു മൂളക് കൊടുക്കുവാൻ വിഷമമുണ്ടോ?

Rao Sanib M. M. Paul *(Director of Food Supplies):* Of course, there may not be suitable candidates in other areas.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഇരിങ്ങാലക്കുടയിൽനിന്ന കല്പൽമൂളകിന്ന് പർമിറ്റ കിട്ടുന്നതിന്ന് ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ?

Rao Sahib M. M. Paul *(Director of Food Supplies):* I think there was one man.

Mr. Puthur Achutha Menon *(Kattur):* Why was it refused ?

Rao Sahib M. M. Paul *(Director of Food Supplies):* The reason has been explained.

Mr. Puthur Achutha Menon *(Kattur):* Instead of taking the commodity from Trichur by merchant at Irinjalakkuda, if the merchant at Irinjalakkuda were allowed to import direct, will he not be able to give the commodity to the consumer at cheaper rates ?

Rao Sahib M. M. Paul *(Director of Food Supplies):* There will not be any material difference.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: രണ്ടു മുന്ന പൈയെങ്കിലും റാത്തലിന്മേൽ വ്യത്യാസം വരുമെന്ന ഗവൺമെണ്ടിനറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

Rao Sahib M. M. Paul *(Director of Food Supplies):* I do not think there will be much difference.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ : ആലോചിക്കാമോ ?

റാവു സാഹിബ് എം. എം. പോൾ : ആലോചിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇരിങ്ങാലക്കുടയിൽനിന്ന് എത്ര അപേക്ഷക്കാരുണ്ട് ?

റാവു സാഹിബ് എം. എം. പോൾ : രണ്ടു മൂന്നു അപേക്ഷക്കാരുണ്ട്.

മിസ്റ്റർ മുഹമ്മദ് അഷ്റഫ് : കൊട്ടങ്ങല്ലൂക്ക് മുളക് കൊടുക്കുന്നുണ്ടോ?

റാവു സാഹിബ് എം. എം. പോൾ : ഉണ്ട്.

മിസ്റ്റർ മുഹമ്മദ് അഷ്റഫ് : ആക്കാണ് അവിടെ കൊടുത്തിരിക്കുന്നതു് ?

റാവു സാഹിബ് എം. എം. പോൾ: നോട്ടീസ്സ് വേണം.

മിസ്റ്റർ പി. നാരായണമേനോൻ : കപ്പൽമുളകിനു പുറമെ മറ്റു വല്ല സാധനങ്ങളും ഈ കമ്പനിക്കാരെ ഏല്പിച്ചിട്ടുണ്ടോ ?

റാവു സാഹിബ് എം. എം. പോൾ : ഉണ്ട്.

മിസ്റ്റർ പി. നാരായണമേനോൻ : അതെന്തെല്ലാം സാധനങ്ങളാണ് ?

റാവു സാഹിബ് എം. എം. പോൾ : അതെന്തെല്ലാമാണെന്നു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : അധികാരകേന്ദ്രത്തിൽ ഇരിക്കുന്ന ആളുകളോടു് ബന്ധപ്പെട്ടിട്ടുള്ളവക്കാണൊ ഇപ്പോൾ കൊടുത്തിട്ടുള്ളതു് ?

റാവു സാഹിബ് എം. എം. പോൾ : നോട്ടീസ്സ് വേണം.

മിസ്റ്റർ പി. കെ. ഡീവർ : കപ്പൽമുളക് വില്ക്കുവാൻ ചിലക്കു അധികാരം കൊടുത്തിട്ടുണ്ട്. പണ്ടു കച്ചവടം ചെയ്തിരുന്നവരുടെ അപേക്ഷകളും തള്ളിക്കളഞ്ഞിട്ടില്ല, പണ്ടു കച്ചവടം ചെയ്യാതിരുന്നവക്കു കൊടുത്തിട്ടുള്ളതു് ?

റാവു സാഹിബ് എം. എം. പോൾ : നോട്ടീസ്സ് വേണം.

Mr. M. O. Thomakutty *(Commerce and Industry):* Sir, will you kindly take the advice of the committee to distribute these quotas.

Rao Sahib M. M. Paul *(Director of Food Supplies):* I cannot agree.

Mr. Joseph C. Chirayath *(Nellayi):* Is it a fact that the transport charges from Cochin to Irinjalakkuda is cheaper than that from Trichur to Irinjalakkuda ?

Rao Sahib M. M. Paul *(Director of Food Supplies):* I want notice.

Mr. Joseph C. Chirayath *(Nellayi):* Why did you allow licence to nine merchants in Trichur ?

Rao Sahib M. M. Paul *(Director of Food Supplies):* There is no objection if Irinjalakkuda merchants want it from Cochin instead of Trichur. We will make arrangements.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ : ഇതു കൊടുക്കുന്ന കാര്യത്തിൽ വാങ്ങുന്നവരുടെ കാര്യമൊ കച്ചവടക്കാരുടെ കാര്യമൊ നോക്കേണ്ടതു് ?

Rao Sahib M. M. Paul *(Director of Food Supplies):* Certainly, we look to the interests of the consumers and not the interests of the merchants.

മിസ്റ്റർ പി. നാരായണമേനോൻ : കപ്പൽമുളക് എല്പിക്കുന്നതിനുമുമ്പു് ഇവർ എന്തെല്ലാം സാധനങ്ങളാണ് കച്ചവടം ചെയ്തിരുന്നതു് ?

റാവുസാഹിബ് എം. എം. പോൾ : നോട്ടീസ്സ് വേണം.

മിസ്റ്റർ പി. നാരായണമേനോൻ : എന്തെങ്കിലും ഒരു സാധനം അവർ കച്ചവടം ചെയ്തിരുന്നോ ?

Rao Sahib M. M. Paul *(Director of Food Supplies):* I want notice.

മിസ്റ്റർ പി. മാണി : എന്തു സാധനങ്ങളാണ് അവർ കച്ചവടം ചെയ്തിരുന്നതെന്നറിയാതെ ഈ സാധനം എങ്ങിനെയാണ് അവരെ എല്പിച്ചതു് ?

Rao Sahib M. M. Paul *(Director of Food Supplies):* I do not know what all business they were doing before.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അവർ പഴമയുള്ള കച്ചവടക്കാരാണൊ?

റാവുസാഹിബ്ബ് എം. എം. പോൾ: അതെ.

മിസ്റ്റർ സി. ജെ. ചിറയത്ത്: കപ്പൽമുളക് വ്യവസായത്തിനു ഇരിങ്ങാലക്കുടയിൽ രണ്ടൊ മൂന്നൊ പേർക്ക അനുവദിച്ചുകൊടുക്കുന്നതിനു വിരോധമുണ്ടൊ?

റാവുസാഹിബ്ബ് എം. എം. പോൾ: ആലോചിക്കാം.

മിസ്റ്റർ കെ. ടി. അച്യുതൻ: വല്ല സ്ഥലത്തും കപ്പൽമുളക് കിട്ടുന്നില്ലെന്ന് ആക്ഷേപമുണ്ടൊ?

റാവുസാഹിബ്ബ് എം. എം. പോൾ: ഇല്ല.

EXTENSION OF SERVICE AFTER 55 YEARS OF AGE—CAST-WAR STATEMENT

77. Miss Annie Joseph *(Trichur-Women):* Will Government be pleased to state.—

(*a*) the number of Government servants by Cast-war who have been granted extension of service after their 55th year during the last two years;

(*b*) whether there is going to be a change in the Service Regulations extending the superannuation period?

Mr. P. V. Raphael *(Comptroller of Finance and Accounts):*

(*a*) Hindus 5
Christians 6
Muslims 1
12

(*b*) No.

മിസ്സ് ആനി ജോസഫ്: ഉദ്യോഗകാലാവുധി നീട്ടുവാനുള്ള ആലോചനയുണ്ടായിരുന്നില്ലെ?

Mr. P. V. Raphael *(Comptroller of Finance and Accounts):* No. It is answered here.

Miss Annie Joseph *(Trichur-Women):* Was there any idea like that?

Mr. P. V. Raphael *(Comptroller of Finance and Accounts):* I am not aware.

മിസ്റ്റർ പി. നാരായണമേനോൻ: ഈ വയസ്സു കഴിഞ്ഞിട്ടുള്ള ആളുകളെ വീണ്ടും പുതുതായി നിയമിച്ചിട്ടുണ്ടൊ?

Mr. P. V. Raphael *(Comptroller of Finance and Accounts):* Oh. Yes. We have re-employed people after superannuation.

മിസ്റ്റർ പി. നാരായണമേനോൻ: എത്രപേരെ നിയമിച്ചിട്ടുണ്ട്?

Mr. P. V. Raphael *(Comptroller of Finance and Accounts):* Three or four especially Doctors and a few Revenue officers and Samprathies.

മിസ്റ്റർ പി. നാരായണമേനോൻ: അവർ ജോലിയൊക്കെ ശരിയായിട്ടു ചെയ്യുന്നുണ്ടൊ?

Mr. P. V. Raphael *(Comptroller of Finance and Accounts):* Very well.

മിസ്റ്റർ പി. നാരായണമേനോൻ: അങ്ങിനെയാണെങ്കിൽ സർവ്വീസിൽ ഉള്ളവർക്ക പെൻഷൻ കാലം നീട്ടിക്കൊടുത്താൽ പോരെ?

Mr. P. V. Raphael *(Comptroller of Finance and Accounts):* That is not considered by Government as absolutely necessary.

മിസ്റ്റർ സി. ജെ. ചിറയത്ത്: സർവ്വീസിൽ ആളുകളില്ലാഞ്ഞിട്ടാണൊ ഇവരെ നിയമിക്കുന്നത്?

Mr. P. V. Raphael *(Comptroller of Finance and Accounts):* It is so, Sir, in the case of these re-employments because we could not get experienced hands.

മിസ്റ്റർ പി ടി. ജേക്കബ്ബ്: സ്ത്രീമാരെ സംബന്ധിച്ചിടത്തോളം നിയമിച്ചിട്ടുള്ളവർ ശരിക്ക ജോലിചെയ്യുന്നുണ്ടൊ?

Mr. P. V. Raphael *(Comptroller of Finance and Accounts):* Yes. There was a great scarcity of experienced hands in the Revenue Department. especially in the Treasuries and therefore it was thought advisable to re-entertain some of these people.

LIBRARY ARCHIVES Kerala Legislative Assembly